പ്രസ്തുത സ്റ്റേ ഉത്തരവ് ബഹു.ഹൈക്കോടതി മറ്റ് രണ്ടു കേസുകൾക്കുകൂടി ബാധകമാക്കിയതോടെ സ്പെഷ്യൽ ഓഫീസർ തുടർന്നുവന്ന എല്ലാ നടപടിയും നിർത്തിവയ്ക്കേ സാഹചര്യം ഉണ്ടായി.

ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിനെതിരെ ഭരണഘടനയുടെ 226(3)-ാം വകുപ്പുപ്രകാരം സർക്കാർ 18-6-2014, 23-6-2014 എന്നീ തീയതികളിലായി സത്യവാങ്മൂലവും എതിർ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പ് പ്രകാരം സത്യവാങ്മൂലം ഫയൽ ചെയ്ത തീയതിമുതൽ 14 ദിവസം മാത്രമെ സ്റ്റേ ഉത്തരവ് നിലനിൽക്കുകയുള്ളൂ. 1-7-2014-ൽ ബഹു. ഹൈക്കോടതി ടി കേസുകൾ പരിഗണിച്ചെങ്കിലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള അവസരം കമ്പനിക്ക് നൽകുന്നതിനായി കേസ് 8-7-2014-ലേയ്ക്ക് മാറ്റിവച്ചിട്ടുണ്ട്.

(ബി) ആലോചിച്ചുവരുന്നു.

ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ആധാരം വ്യാജമാണെന്ന കണ്ടെത്തൽ

148 (7117) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഏതെങ്കിലും വസ്തുവിന്റെ ആധാരം വ്യാജമാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതുവസ്തുവിന്റെ ആധാരമാണ് വ്യാജമെന്ന് കണ്ടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കണ്ടെത്തൽ ലാന്റ് റവന്യൂ കമ്മീഷണർ ശരിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) വിജിലൻസിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ കണ്ടെത്തലുകൾക്ക് എതിരെ ഹാരിസൺ മലയാളം, കോടതിയിൽ നിന്ന് അനുകൂലമായി വിധി സമ്പാദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കോടതിയിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1600/1923-ാം നമ്പർ പ്രമാണം വ്യാജമാണെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിൽ കണ്ടെത്തുകയും തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വി. സി. 09/13/എസ്. ഐ. യു. 11 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

(സി) കേസ് അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ അന്വേഷണത്തിൻമേൽ മറ്റ് തുടർനടപടി സ്വീകരിക്കുന്നത് തൽക്കാലത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്. സ്റ്റേ നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വ്യാജമായി ചമച്ച 1600/1923 എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡ് 8-3-1985-ൽ പുനലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1008/1985 എന്ന ആധാരത്തിലും 31-3-2004-ൽ പീരുമേട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1150/1/2004 എന്ന ആധാരത്തിലും 24-6-2005-ൽ പുനലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2840/05 എന്ന ആധാരത്തിലും 2-8-2005-ൽ എരുമേലി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2329/05 എന്ന ആധാരത്തിലും സ്ഥലങ്ങൾ വില്പന നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി 1600/1923 എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) മേൽ പരാമർശിച്ചിരിക്കുന്ന വിജിലൻസ് കേസിന്റെ അന്വേഷണത്തെ തടഞ്ഞുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡ് ബഹു കേരള ഹൈക്കോടതിയിൽ നിന്നും Crl.MC 6447/13 എന്ന നമ്പരിൽ വിധി സമ്പാദിച്ചിട്ടുണ്ട്.

(എഫ്) കേസന്വേഷണം തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അനുമതിയോടെ സീനിയർ ഗവൺമെന്റ് പ്ലീഡർ മുഖാന്തിരം തുടരന്വേഷണം നടത്തുന്നതിന് തടസങ്ങൾ നീക്കണമെന്ന സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡല പരിധിയിൽനിന്നും ലഭിച്ച അപേക്ഷകൾ

148 (7148) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ പരിധിയിൽനിന്നും ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത് ; ഈ അപേക്ഷകൾ പരിശോധിച്ചതിൽ എത്രപേർക്ക് പദ്ധതി പ്രകാരം ഭൂമി ലഭിക്കുവാൻ അർഹതയുണ്ടെന്ന് കണ്ടെത്തിയെന്ന് അറിയിക്കുമോ ;

(ബി) അർഹതപ്പെട്ട അപേക്ഷകരിൽ എത്രപേർക്ക് നാളിതുവരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട് ; ശേഷിക്കുന്ന അപേക്ഷകർക്ക് ഭൂമി നൽകുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly